## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4655 — 26/10/2016-ൽ മറുപടിയ്ക്ക്.

# ചെറുകിട ക്ഷീര കർഷകർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ബഷീർ | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ചെറുകിട ക്ഷീര കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ക്ഷീരവികസന വകുപ്പ് ഇപ്പോൾ നൽകിവരുന്നത്; മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പോലുള്ള പദ്ധതികൾകൊണ്ട് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കർഷകർക്ക് കറവപശുക്കളെ വാങ്ങുന്നതിനും കാലിതൊഴുത്ത് നിർമ്മിക്കുന്നതിനും ആവശ്യാധിഷ്ഠിത സഹായമായും ധനസഹായം നൽകുന്നു. കൂടാതെ പാൽ ഉൽപാദന ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് വിവിധ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. പാലിന്റെ വിപണന സംവിധാനം വിപുലപ്പെടുത്തിയും പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തിയും മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായ ഇൻസെന്റീവ് നൽകുന്നു. ക്ഷീരകർഷകരുടെ ക്ഷേമപ്രവർത്തനത്തിനായി ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, ചികിത്സ സഹായം തുടങ്ങിയവ നൽകി വരുന്നുണ്ട്.<br><br>ഉല്പാദന ക്ഷമതയുള്ള സങ്കരയിനം പശുക്കളെ ക്ഷീര കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതിയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി. തെരെഞ്ഞെടുക്കപ്പെട്ട ക്ഷീര കർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വരെയുള്ള ഡയറി യൂണിറ്റുകൾക്ക് ധനസഹായം, ക്ഷീര കർഷകന് ആവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം വുമൺ ക്യാറ്റിൽ കെയർ പ്രോഗ്രാം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ അത്യുല്പാദന ശേഷിയുള്ള പശുക്കളെ കർഷക ർക്ക് ലഭ്യമാക്കാനാവശ്യമായ നടപടി കൾ സ്വീകരിക്കുമോ; | (ബി) | പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.